**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5940** **25-03-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ വൈദ്യുതി മേഖലാ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |

(എ) കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ വൈദ്യുതി മേഖലയിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(എ) **കെ.എസ്.ഇ.ബി.എൽ.**

കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ വൈദ്യുതി മേഖലയിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം-I** ആയി ചേർക്കുന്നു.

കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ വൈദ്യുതി മേഖലയിൽ ദ്യുതി, ആർ.ഡി.എസ്.എസ്. എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിക്കുക, പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക, പുതിയ ലൈനുകൾ വലിക്കുക എന്നീ പ്രവൃത്തികൾ നടന്നു വരുന്നു. വിശദാംശങ്ങൾ **അനുബന്ധം-II** ആയി ചേർക്കുന്നു.

**അനെർട്ട്**

കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ അനെർട്ട് മുഖേന പൂർത്തീകരിച്ച പ്രവൃത്തികൾ ചുവടെ ചേർക്കുന്നു

| Sl. No. | SITE NAME | PLANT CAPACITY/ Type of Solar Power Plant |
|---|---|---|
| 1 | Mental Health Care, Kuthiravattom | 40 kWp/On-Grid |
| 2 | Kallai GUP School | 4 kWp/On-Grid |

ഇത് കൂടാതെ കുതിരവട്ടം Mental Health Care-ൽ മൂന്ന് സോളാർ സ്ട്രീറ്റ് ലൈറ്റുകളും സ്ഥാപിച്ചു.

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തിയാവുമ്പോൾ ഈ മേഖല കൈവരിക്കുന്ന നേട്ടങ്ങൾ വിശദമാക്കാമോ?

(ബി) **കെ എസ് ഇ ബി എൽ**

(എ) പിരിവിനുള്ള മറുപടിയിൽ പരാമർശിച്ചിട്ടുള്ള പദ്ധതികൾ പൂർത്തിയാവുമ്പോൾ വൈദ്യുതി മേഖലയിൽ, വോൾട്ടേജ് ക്ഷാമം, വൈദ്യുതി ലഭ്യതയിൽ ഉണ്ടാകുന്ന തടസ്സം എന്നിവ പരിഹരിക്കപ്പെടുന്നതാണ്. കൂടുതൽ സുരക്ഷിതമായ

| | | | |
|---|---|---|---|
| | | | രീതിയിലുള്ള വൈദ്യുതി വിതരണവും ഇതുമൂലം ഉറപ്പാക്കാവുന്നതാണ്.<br><br>**<u>അനെർട്ട്</u>**<br><br>സർക്കാർ/പൊതുസ്ഥാപനങ്ങളിൽ സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് നടപ്പിലാക്കുന്നു. ഈ പദ്ധതിയിലൂടെ കേരളത്തിലെ സർക്കാർ കെട്ടിടങ്ങളെ ഹരിത ഊർജ്ജത്തിലേക്ക് മാറ്റുന്നതിന് സാധിക്കുന്നു. ഇത് വഴി കാർബൺ ബഹിർഗമനം കുറയ്ക്കാനും സുസ്ഥിര വികസനം സാധ്യമാക്കുവാനും കഴിയും. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-I**

## കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ വൈദ്യുതി മേഖലയിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ

| പ്രവൃത്തിയുടെ പേര് | നേട്ടം |
|---|---|
| 66kV GIS പുതിയറ സബ്സ്റ്റേഷനെ 110kV ആക്കി മാറ്റുന്ന പ്രവൃത്തി | പുതിയ GIS ഉപകരണങ്ങൾ സ്ഥാപിച്ചാൽ സ്ഥിരമായ വൈദ്യുതി വിതരണം ഉറപ്പാക്കാൻ കഴിയും, സ്റ്റേഷനിൽ നിന്ന് പുതിയ 11 kV ഫീഡറുകൾ നൽകാനും കൂടുതൽ സ്റ്റേഷൻ ശേഷി ഉപയോഗിക്കാനും കഴിയും. ഈ സബ്സ്റ്റേഷനിൽ നിന്നുള്ള ഫീഡിംഗ് പ്രധാനമായും വാണിജ്യ മേഖലയായതിനാൽ, ഭാവിയിൽ ആവശ്യകതയിൽ വലിയ വർദ്ധനവ് പ്രതീക്ഷിക്കുന്നു. കോഴിക്കോട് പട്ടണത്തിലേക്കും അതിന്റെ പ്രാന്ത-പ്രദേശങ്ങളിലേക്കും വൈദ്യുതി വിതരണത്തിന്റെ ഗുണനിലവാരം, വിശ്വാസ്യത എന്നിവയിൽ പുരോഗതി കൈവരിക്കാനും പുതിയ GIS ക്യൂബിക്കിൾ കാരണം തടസ്സങ്ങൾ കുറയുന്നതിനാൽ കോഴിക്കോട് ജില്ലയുടെ പ്രസരണ ശേഷി പലമടങ്ങ് വർദ്ധിപ്പിക്കാനും കഴിയും. |
| 110കെവി സബ്സ്റ്റേഷൻ മാങ്കാവ് – ശേഷി ഉയർത്തൽ | മാങ്കാവ്, കല്ലായി, പൊറ്റമ്മൽ, ബീച്ച്, പന്തീരാങ്കാവ്, അരീക്കാട് എന്നീ ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് കീഴിലുള്ള പ്രദേശങ്ങളിലും പരിസര പ്രദേശങ്ങളിലും ഭാവിയിൽ ഉണ്ടാകുന്ന ആവശ്യകത നിറവേറ്റുന്നതിനും കോഴിക്കോട് നഗരത്തിലേക്കും പ്രാന്ത പ്രദേശങ്ങളിലേക്കും ഗുണനിലവാരമുള്ള വൈദ്യുതി വിതരണം ചെയ്യുവാനും സാധിക്കും |
| 66kV സൈബർ പാർക്ക് സബ്സ്റ്റേഷനെ 110kV ആക്കി മാറ്റുന്ന പ്രവൃത്തി | വൈദ്യുതി ആവശ്യമുള്ള നിരവധി പുതിയ പദ്ധതികളുള്ള ഈ സബ്സ്റ്റേഷന്റെ ഫീഡിംഗ് ഏരിയ അതിവേഗം വളരുന്ന പട്ടണങ്ങളാണ്. പൊറ്റമ്മേൽ, പന്തീരാങ്കാവ്, കോവൂർ, പെരുമണ്ണ എന്നീ പ്രദേശങ്ങളിലെ വർദ്ധിച്ചു വരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനും മേഖലയിലെ ഏറ്റവും വലിയ ഐ.ടി പാർക്കായ യു.എൽ സൈബർ പാർക്കിന്റെയും ഗവൺമെന്റ് സൈബർ പാർക്കിന്റെയും വികസനത്തിനും ഈ പദ്ധതി ഉപകരിക്കുന്നു. |

**അനുബന്ധം-II**

## കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ വൈദ്യുതി മേഖലയിൽ ദ്യുതി, ആർ.ഡി.എസ്.എസ്. എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ

| | |
|---|---|
| ഭൂഗർഭ (UG ) കേബിൾ ഉപയോഗിച്ച് ഹൈ ടെൻഷൻ (HT) ലൈൻ നിർമ്മാണം | 3.555 km |
| ഏരിയൽ ബഞ്ച്ഡ് കേബിൾ (ABC) ഉപയോഗിച്ച് ഹൈ ടെൻഷൻ (HT) ലൈൻ നിർമ്മാണം | 3.525 km |
| ACSR Raccoon ഉപയോഗിച്ച് ഹൈ ടെൻഷൻ (HT) ലൈൻ നിർമ്മാണം | 0.75 km |
| നിലവിലുള്ള 11 kV ലൈൻ ABC ആക്കി മാറ്റുന്നത് | 2.5 km |
| പുതിയ 100 kVA ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 19 എണ്ണം |
| പുതിയ 160 kVA ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 2 എണ്ണം |
| ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ | 24 എണ്ണം |
| RMU സ്ഥാപിക്കൽ | 12 എണ്ണം |
| ABC ലൈൻ ഉപയോഗിച്ച് പുതിയ ലോ ടെൻഷൻ (LT) ലൈനുകൾ വലിക്കൽ | 1 km |
| നിലവിലുള്ള LT ലൈനുകൾ ABC ഉപയോഗിച്ച് മാറ്റൽ | 17.64 km |